# Athmaraksha.org

ജീവിതത്തിലെ വിഷമഘട്ടങ്ങൾ

## പഠിക്കാൻ ബുദ്ധിമുട്ടും, ഓർമ്മക്കുറവും




കർത്താവിൽ പൂർണഹൃദയത്തോടെ വിശ്വാസമർപ്പിക്കുക; സ്വന്തം ബുദ്ധിയെ ആശ്രയിക്കുകയുമരുത്. നിന്റെ എല്ലാ പ്രവൃത്തികളും ദൈവവിചാരത്തോടെയാകട്ടെ; അവിടുന്ന് നിനക്ക് വഴി തെളിച്ചുതരും. ജ്ഞാനിയെന്ന സ്വയം ഭാവിക്കരുത്; കർത്താവിനെ ഭയപ്പെട്ട് തിൻമയിൽ നിന്ന് അകന്നുമാറുക (സുഭാഷിതങ്ങൾ 3:57).

ജ്ഞാനം നേടുന്നവനും അറിവുലഭിക്കുന്നവനും ഭാഗ്യവാനാണ്. എന്തെന്നാൽ, അതുകൊണ്ടുള്ള നേട്ടം വെള്ളിയെയും സ്വർണത്തെയുംകാൾ ശ്രേഷ്ഠമാണ് (സുഭാ 3:1314).

എന്നെ വിളിക്കുക, ഞാൻ മറുപടി നൽകും. നിന്റെ ബുദ്ധിക്കതീതമായ മഹത്തും നിഗൂഢവുമായ കാര്യങ്ങൾ ഞാൻ നിനക്കു വെളിപ്പെടുത്തും (ജറെമിയാ 33:3).
എന്നെക്കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല (യോഹന്നാൻ 15:5).

അവൻ ബുദ്ധിശാലികളെ അവരുടെ തന്ത്രങ്ങളിൽത്തന്നെ കുടുക്കുന്നു എന്നും ബുദ്ധിശാലികളുടെ ആലോചനകൾ വ്യർഥങ്ങളാണെന്നും കർത്താവ് അറിയുന്നു എന്നും എഴുതപ്പെട്ടിരിക്കുന്നു (1 കോറിന്തോസ് 3:20).

നിന്റെ പ്രയത്നം കർത്താവിൽ അർപ്പിക്കുക; നിന്റെ പദ്ധതികൾ ഫലമണിയും (സുഭാഷിതങ്ങൾ 16:3). സ്വന്തം ബുദ്ധിയിൽ വിശ്വാസം അർപ്പിക്കുന്നവൻ ഭോഷനാണ്; ജ്ഞാനമാർഗത്തിൽ ചരിക്കുന്നവൻ സുരക്ഷിതനായിരിക്കും (സുഭാ 28:26).

വിളിക്കും മുൻപേ ഞാൻ അവർക്ക് ഉത്തരമരുളും, പ്രാർഥിച്ചു തീരുംമുൻപേ ഞാൻ അതു കേൾക്കും (ഏശയ്യാ 65:24).
നിന്റെ ദൈവമായ കർത്താവു നീ ചെയ്യുന്ന എല്ലാ ജോലികളിലും നീ ആരംഭിക്കുന്ന എല്ലാ പ്രവൃത്തികളിലും നിന്നെ അനുഗ്രഹിക്കും (നിയമാവർത്തനം 15:10).

മനുഷ്യന്റെ ആഗ്രഹമോ പ്രയത്നമോ അല്ല, ദൈവത്തിന്റെ ദയയാണ് എല്ലാറ്റിന്റെയും

അടിസ്ഥാനം (റോമാ 9:16).
ദൈവം സോളമന് അളവറ്റ ജ്ഞാനവും ഉൾക്കാഴ്ചയും കടൽത്തീരംപോലെ വിശാലമായ ഹൃദയവും പ്രദാനംചെയ്തു (1 രാജാക്കൻമാർ 4:29).

എന്റെ ശരീരവും മനസ്സും ക്ഷീണിച്ച് പോയേക്കാം; എന്നാൽ, ദൈവമാണ് എന്റെ ബലം; അവിടുന്നാണ് എന്നേക്കുമുള്ള എന്റെ ഓഹരി (സങ്കീർത്തനങ്ങൾ 73:26).
എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്കു സാധിക്കും (ഫിലിപ്പി 4:13).

എപ്പോഴും ദൈവഭക്തിയിൽ ഉറച്ചുനിൽക്കുക. തീർച്ചയായും നിനക്കൊരു ഭാവിയുണ്ട്; നിന്റെ പ്രതീക്ഷയ്ക്കു ഭംഗം നേരിടുകയില്ല. മകനേ, ശ്രദ്ധിച്ചു കേൾക്കുക, വിവേകം പുലർത്തുക, മനസ്സിനെ നല്ല വഴിക്കു നയിക്കുകയും ചെയ്യുക (സുഭാഷിതങ്ങൾ 23:1719).